**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5401 — 06.07.2012-ൽ മറുപടിക്ക്

**<u>വൈക്കം നിയോജകമണ്ഡലത്തിലെ പനിബാധിതർ</u>**

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| ശ്രീ. കെ. അജിത് | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) മേയ്, ജൂൺ മാസങ്ങളിൽ വൈക്കം നിയോജകമണ്ഡലത്തിൽപ്പെടുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലായി എത്ര പനിബാധിതർ ചികിത്സ തേടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | എ) 1134 പേർ. |
| ബി) പ്രസ്തുത നിയോജകമണ്ഡലത്തിലെ ഏതെങ്കിലും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ മരുന്നിന്റെ ദൗർലഭ്യം ഉള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; | ബി) ഇല്ല. |
| സി) പകർച്ചവ്യാധികൾ കൂടുതൽ റിപ്പോർട്ട് ചെയ്യുന്നതിനാൽ കുടുംബക്ഷേമ കേന്ദ്രങ്ങളിൽ ആഴ്ചയിൽ രണ്ട് ദിവസമെങ്കിലും ഡോക്ടറുടെ സേവനം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോ ; | സി) കുടുംബക്ഷേമ കേന്ദ്രങ്ങളിൽ നിലവിൽ മാസത്തിൽ ഒരു ദിവസം ഡോക്ടറുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ പകർച്ച വ്യാധികൾ കൂടുതലായി കാണപ്പെടുന്ന സ്ഥലങ്ങളിൽ മെഡിക്കൽ ക്യാമ്പ് നടത്തുകയും ആശാവർക്കേഴ്സ് മുഖാന്തിരം മരുന്നുകൾ ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. |
| ഡി) മഴക്കാല രോഗങ്ങളെ ചെറുക്കാൻ വൈക്കം നിയോജകമണ്ഡലത്തിൽ ആരോഗ്യ വകുപ്പ് എത്ര താല്ക്കാലിക ജീവനക്കാരെ നിയമിച്ചിട്ടുണ്ട് എന്നും അത് ഏതൊക്കെ തസ്തികകളിലെന്നും വ്യക്തമാക്കാമോ ; | ഡി)<br>ഡോക്ടർ - 1<br>സ്റ്റാഫ് നഴ്സ് - 2<br>ഫാർമസിസ്റ്റ് - 2<br>കൂടാതെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, സ്പ്രേമാൻ, ക്ലീനിംഗ് സ്റ്റാഫ് എന്നീ ജീവനക്കാരെ താൽക്കാലികമായി നിയമിക്കുന്നതിനു വേണ്ട നടപടി സ്വീകരിച്ചു വരുന്നു. |

ഇ) റിട്ടയർ ചെയ്ത വിദഗ്ദ്ധ ഡോക്ടർമാരെ താൽക്കാലികമായി നിയമിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വൈക്കത്തിനു കീഴിലുള്ള പഞ്ചായത്തുകളിൽ എത്ര ഡോക്ടർമാരെ നിയമിച്ചു എന്നു വെളിപ്പെടുത്തുമോ ;

ഇ) ഉണ്ട്. വൈക്കം താലൂക്കാശുപത്രിയിൽ ഒരു വിദഗ്ദ്ധ ഡോക്ടറെ നിയമിച്ചിട്ടുണ്ട്.

എഫ്) പകർച്ചവ്യാധികളും പനിയും കണക്കിലെടുത്ത് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ കൂടുതൽ ലാബ് ടെക്നീഷ്യന്മാരെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നു വ്യക്തമാക്കുമോ ?

എഫ്) പകർച്ച വ്യാധികളും പനിയും കണക്കിലെടുത്ത് ജില്ലയിൽ 9 ലാബ് ടെക്നീഷ്യൻമാരെ നിയമിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ